# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലൈ 9, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 224)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 6035 മുതൽ 6116 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 6117 മുതൽ 6166 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 6167 മുതൽ 6232 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 6233 മുതൽ 6258 വരെ |

## പൊതുജനസേവനങ്ങൾക്കുള്ള യു.എൻ. അവാർഡ്

6035 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനസേവനങ്ങൾക്കുള്ള യു.എൻ. അവാർഡ് സർക്കാരിന്റെയോ സംഘടനകളുടെയോ പദ്ധതികൾക്കോ സംരംഭങ്ങൾക്കോ അല്ലാതെ വ്യക്തികൾക്ക് നൽകാറുണ്ടോ; ഇത് സംബന്ധമായ യു.എൻ. വ്യവസ്ഥ സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുജനസേവനങ്ങൾക്കായി യു.എൻ. അവാർഡ് ലഭിച്ചത് കേരള സർക്കാരിനാണോ; മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്കാണോ;

(സി) ഇത്തരത്തിലുള്ള യു.എൻ.അവാർഡ് ഇതിനുമുമ്പ് ഇന്ത്യയിലെ ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് ലഭിച്ചിട്ടുള്ളത് എന്നും അവ ലഭിച്ചിരുന്നത് വ്യക്തിപരമായിട്ടാണോ സംഘടനാപരമായിട്ടാണോ എന്നും അറിയുമോ;

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

(ഡി) യു.എൻ. അവാർഡിനായി കേരള സംസ്ഥാനത്തെ നാമനിർദ്ദേശം ചെയ്തത് ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) വ്യക്തികൾക്ക് അവാർഡ് നൽകുന്ന പദ്ധതി യു.എൻ.-ന് ഇല്ലെന്നിരിക്കെ, ഇന്ത്യയിലെ ഒരു മുഖ്യമന്ത്രിക്ക് ആദ്യമായി ഈ അംഗീകാരം ലഭിച്ചു എന്ന നിലയിൽ സംസ്ഥാന സർക്കാർ പത്രപരസ്യം നൽകിയതിലെ വാസ്തവം വ്യക്തമാക്കുമോ;

(എഫ്) ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രിയുടെ മാത്രം പരിപാടിയായിരുന്നുവോ; അതല്ല, കോടിക്കണക്കിന് രൂപ സർക്കാർ ഖജനാവിൽനിന്ന് ചെലവഴിച്ച് സർക്കാർ ഉത്തരവ് പ്രകാരം ആയിരക്കണക്കായ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പങ്കാളിത്തത്തോടെ നടത്തപ്പെട്ട ഒരു പരിപാടിയായിരുന്നുവോ;

(ജി) അവാർഡ് സംബന്ധിച്ച് യു.എൻ. സംസ്ഥാന സർക്കാരിന് അയച്ച അറിയിപ്പും, അവാർഡ് ചടങ്ങിൽ നൽകിയ രേഖകളുടെ പകർപ്പും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(എച്ച്) ഇത് സംബന്ധമായ യു.എൻ. നോട്ടിഫിക്കേഷന്റെയും സർക്കാർ നൽകിയിരുന്ന നിർദ്ദേശത്തിന്റെയും പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കാമോ;

(ഐ) ഐക്യരാഷ്ട്ര സംഘടനയുടെ അവാർഡിനെ തെറ്റായി വ്യാഖ്യാനിച്ച് ജനങ്ങളെ വഞ്ചിച്ചുവെന്ന ആക്ഷേപം തിരുത്താനും യാഥാർത്ഥ്യം ജനങ്ങളെ അറിയിക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടിയില്‍ ഭൂമി ലഭിക്കുന്നതിനു വേണ്ടി അപേക്ഷ</u>

6036

ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടിയില്‍ സ്വന്തമായി ഭൂമിയില്ലാത്ത എത്ര പേര്‍ ഭൂമി ലഭിക്കുന്നതിനു വേണ്ടി അപേക്ഷ നല്‍കി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇവര്‍ക്ക് ഭൂമി നല്‍കുന്നതിന് എത്ര ഭൂമി ഓരോ ജില്ലയിലും കണ്ടെത്തണമെന്ന കണക്ക് വ്യക്തമാക്കുമോ;

(ബി) ജനസമ്പര്‍ക്ക പരിപാടിയിലൂടെ ഭൂമി ലഭിക്കുന്നതിന് അപേക്ഷ നല്‍കിയ എത്ര പേര്‍ക്ക് ഇതിനോടകം സര്‍ക്കാര്‍ ഭൂമി നല്‍കി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നല്‍കുമോ; ഈ അപേക്ഷകള്‍ എത്ര മാസം കൊണ്ടാണ് തീര്‍പ്പാക്കിയിട്ടുള്ളത് എന്ന് പറയാമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടിയില്‍ ലഭിച്ച അപേക്ഷകളിലെ നടപടി</u>

6037 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എറണാകുളത്ത് നടത്തിയ ജനസമ്പര്‍ക്ക പരിപാടിയില്‍ വൈപ്പിന്‍ മണ്ഡലത്തില്‍ നിന്നും ലഭിച്ച അപേക്ഷകളിന്മേല്‍ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ചികിത്സാ സഹായമായി എത്ര പേര്‍ക്ക് എത്ര തുക നല്‍കി എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ജനസമ്പർക്ക പരിപാടി</u>

6038 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജനസമ്പർക്ക പരിപാടിയിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പരാതികൾ തീർപ്പു കൽപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) നാളിതുവരെ തീർപ്പ് കൽപ്പിക്കാത്ത എത്ര പരാതികൾ ഉണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 9.07.2013–ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ പരാതിസെല്ലിൽ നിയമിക്കപ്പെട്ടവരുടെ വിവരം

6039 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ആപ്പീസിന്റെ ഭാഗമായിട്ടുളള പരാതി സെല്ലിൽ മുഖ്യമന്ത്രി നിയമിച്ചയാളുകൾ ആരൊക്കെയാണ്; പരാതി സെല്ലിൽ നിയമിക്കപ്പെട്ടവരുടെ പേരും, മേൽവിലാസവും, തസ്തികയും ശമ്പളവും സംബന്ധിച്ച് വെളിപ്പെടുത്താമോ;

(ബി) പരാതി സെല്ലിൽ മുഖ്യമന്ത്രി നിയമിച്ചയാളുകളിൽ ഇപ്പോഴും തുടരുന്നവർ എത്ര;

(സി) കൊല്ലം സ്വദേശിയായ അദ്ധ്യാപികയുടെ പരാതിയെ തുടർന്ന് സെല്ലിൽ നിന്നും ഒഴിവാക്കപ്പെട്ടത് ആരാണ്; അദ്ദേഹത്തെ ഒഴിവാക്കിയത് ഏത് തീയതിയിലാണ്; അദ്ദേഹം 2013 ജനുവരി 1 ന് ശേഷം ഇതേവരെ എത്ര ദിവസം ജോലി ചെയ്തിട്ടുണ്ട്; ഇതിനിടയിൽ ഏതെല്ലാം മാസങ്ങളിൽ അവധി എടുക്കുകയുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) ഇവരെ കരാർ അടിസ്ഥാനത്തിലാണോ നിയമിച്ചിട്ടുണ്ടായിരുന്നത്; എങ്കിൽ എത്ര കാലയളവിലേക്ക് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ മൊബൈൽ ഫോണിന്റെ വിശദാംശങ്ങൾ

6040 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്തതിനുശേഷം നാളിതുവരെ ഔദ്യോഗികവും വ്യക്തിപരവുമായ ആവശ്യങ്ങൾക്ക് സ്ഥിരമായി ആശ്രയിച്ച മൊബൈൽ ഫോണുകൾ ഏതൊക്കെയാണ് അവ ആരുടെയെല്ലാമായിരുന്നു;

(ബി) ഡൽഹിയിൽ ആയിരിക്കുമ്പോഴും തിരുവനന്തപുരത്തല്ലാത്തപ്പോഴും പ്രധാനമായും ആശ്രയിച്ച മൊബൈൽ ഫോൺ ആരുടെയെല്ലാമായിരുന്നു;

(സി) മുഖ്യമന്ത്രി എന്ന നിലയിൽ സർക്കാർ അനുവദിച്ച മൊബൈൽ ഫോണുകളുടെ നമ്പറുകൾ ഏതൊക്കെയാണ്; ഇവ മുഖ്യമന്ത്രി എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുണ്ടോ; മറ്റാരെങ്കിലും ഈ ഫോണുകൾ ഉപയോഗിച്ചുവരുന്നുണ്ടായിരുന്നുവോ;

(ഡി) മുഖ്യമന്ത്രിയെ മൊബൈൽ ഫോണിൽ ബന്ധപ്പെടുന്നതിന് പ്രധാനമന്ത്രിയ്ക്കും, കേന്ദ്ര സംസ്ഥാന മന്ത്രിമാർക്കും പാർലമെന്റ് അംഗങ്ങൾക്കും എം. എൽ. എ. മാർക്കും നൽകിയ മൊബൈൽ ഫോൺ നമ്പറുകൾ ഏതൊക്കെയായിരുന്നു; ഇല്ലെങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ മേൽപ്പറഞ്ഞവർ മുഖ്യമന്ത്രിയെ പൊതുവിൽ ബന്ധപ്പെട്ടിരുന്ന മൊബൈൽ ഫോൺ നമ്പരുകൾ ഏതെല്ലാമായിരുന്നു?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി വേണ്ടെന്ന് വച്ചിട്ടുള്ള സൗകര്യങ്ങളും ആനുകൂല്യങ്ങളും</u>

6041 ശ്രീ.കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുഖ്യമന്ത്രി എന്ന നിലയിൽ അർഹതയുള്ള എന്തെല്ലാം സൗകര്യങ്ങളും ആനുകൂല്യങ്ങളും ശ്രീ. ഉമ്മൻചാണ്ടി വേണ്ടെന്ന് വെച്ചിട്ടുണ്ട്; വെളിപ്പെടുത്താമോ;

(ബി) മുഖ്യമന്ത്രിക്ക് അനുവദനീയമായ മൊബൈൽ ഫോണുകൾ എത്രയാണ്; അവ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(സി) മുഖ്യമന്ത്രി ഔദ്യോഗിക മൊബൈൽ ഫോൺ ഉപയോഗിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം എന്തായിരുന്നു;

(ഡി) ഇപ്പോൾ മുഖ്യമന്ത്രി മൊബൈൽ ഫോൺ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഇ) മുഖ്യമന്ത്രിക്ക് വേണ്ടി മറ്റുള്ളവർ ഫോൺ ഉപയോഗിച്ച ഇനത്തിൽ ഖജനാവിൽ നിന്നും ചെലവായ മൊത്തം തുക എത്രയാണ്?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

'പത്മ' ബഹുമതികൾ കരസ്ഥമാക്കിയ ജീവിച്ചിരിക്കുന്ന മലയാളികൾ

6042 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്മശ്രീ, പത്മഭൂഷൺ എന്നീ ബഹുമതികൾ ലഭ്യമായിട്ടുള്ള വിവിധ മേഖലയിലുള്ള പ്രമുഖ വ്യക്തികളിൽ എത്ര പേർ ജീവിച്ചിരിപ്പുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരു വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>ഭാഷാ ന്യൂനപക്ഷ മേഖലയിൽ പി.എസ്.സി. മുഖേന ജോലി നേടുന്നവരുടെ മലയാള ഭാഷാ പരിജ്ഞാനം</u>

6043 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഷാന്യൂനപക്ഷ മേഖലയിൽ പി.എസ്.സി. മുഖേന ജോലി നേടുന്നവർ മലയാള ഭാഷാ പരിജ്ഞാനം എത്ര വർഷത്തിനുള്ളിൽ നേടണമെന്നാണ് സർവ്വീസ് ചട്ടങ്ങളിൽ ഉള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ ചട്ടങ്ങളിൽ നിലവിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ അടുത്ത കാലത്ത് പി.എസ്.സി. നടത്തിയ പരീക്ഷാ ചോദ്യാവലിയിൽ തന്നെ മലയാള ഭാഷാ പരിജ്ഞാനം തെളിയിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയ നടപടി സംസ്ഥാനത്ത് ഭാഷാ ന്യൂനപക്ഷ വിഭാഗക്കാർ വർഷങ്ങളായി അനുഭവിച്ചുവരുന്ന അവകാശങ്ങളിലുള്ള ലംഘനമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**9.07.2013-ലെ മറുപടിക്ക്**

<u>മലയാളം ഭരണഭാഷയാക്കുന്നതു സംബന്ധിച്ചുള്ള സമഗ്രമായ നിയമം</u>

6044 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളം ഭരണഭാഷയാക്കുന്നത് സംബന്ധിച്ചുള്ള സമഗ്രമായ ഒരു നിയമം ഉണ്ടാകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 9.07.2013–ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസ് പ്രവൃത്തി ദിവസവും സമയവും പുന:ക്രമീകരിക്കാൻ നടപടി</u>

6045 ശ്രീ.പി.ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ പ്രവൃത്തിദിവസം 5 ആയും പ്രവൃത്തി സമയം 9 മണി മുതൽ 5.15 വരെയായും നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വർദ്ധിച്ചു വരുന്ന വൈദ്യുതി ചെലവുകൾ, ഊർജ്ജ പ്രതിസന്ധി, ഗതാഗത പ്രശ്നങ്ങൾ, എന്നിവ കണക്കിലെടുത്ത് സർക്കാർ ഓഫീസ് പ്രവൃത്തി ദിവസവും സമയവും പുന:ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം</u>

6046 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം പ്രവർത്തിച്ചു വരുന്നു എന്നു വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ എല്ലാ ഭരണസിരാകേന്ദ്രങ്ങളിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ ?

**കേരള നിയമസഭ**
**9.07.2013-ലെ മറുപടിക്ക്**

<u>സർവ്വീസ് സംഘടനാംഗങ്ങൾക്കുള്ള പ്രത്യേക പരിഗണനകൾ</u>

6047 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സംഘടനകളുടെ സംസ്ഥാന ഭാരവാഹികൾക്ക് സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണനകൾ നൽകുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർവ്വീസ് സംഘടനയുടെ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിന് ജീവനക്കാർക്ക് പ്രത്യേക ലീവ് അനുവദിക്കാൻ അനുമതിയുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>ജോലി സമയത്ത് സോഷ്യൽ മീഡിയയുടെ ഉപയോഗം</u>

6048 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജോലി സമയത്ത് ജീവനക്കാർ സോഷ്യൽ മീഡിയകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പിലെ ജീവനക്കാർ എത്ര സമയം സോഷ്യൽ മീഡിയ നെറ്റ്വർക്കുകൾ ഉപയോഗിച്ചെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഇവ ഓഫീസ് സമയത്ത് ഉപയോഗിക്കുന്നവരിൽ എത്ര വകുപ്പ് തലവൻമാരും ഉന്നത ഉദ്യോഗസ്ഥരുമുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>ശ്രീ. എ. റ്റി. ജോര്‍ജ് എം.എല്‍.എ.യ്ക്ക് എതിരെയുള്ള പരാതി</u>

6049 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശ്രീ. എ.റ്റി.ജോര്‍ജ്, എം.എല്‍.എ. ലൈംഗികമായി പീഡിപ്പിച്ചതായി ആരോപിച്ച് ഒരു വീട്ടമ്മയുടെ പരാതി മുഖ്യമന്ത്രിയ്ക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതി എന്നാണ് ലഭിച്ചതെന്നും പരാതിയില്‍ സ്വീകരിച്ച തുടര്‍നടപടികളെന്തൊക്കെയെന്നും അറിയിക്കാമോ;

(സി) എം.എല്‍.എ.യ്ക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഏതെല്ലാം വകുപ്പുകള്‍ ചേര്‍ത്താണ് കേസെടുത്തിരിക്കുന്നത് ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>നിയമസഭാ സാമാജികർക്ക് അധികമായി അനുവദിച്ച</u>
<u>അസിസ്റ്റന്റുമാരുടെ ശമ്പളവർദ്ധന സംബന്ധിച്ച്</u>

6050 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികർക്ക് അധികമായി അനുവദിച്ച അസിസ്റ്റന്റുമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ, എത്ര രൂപയാക്കി വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം അനുകൂലമായി പരിഗണിക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>പൈക പദ്ധതി</u>

6051 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് പൈക പദ്ധതികൾക്ക് തെരെഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളെയും ആലപ്പുഴ നഗരസഭയിലേയും പഞ്ചായത്തുകളെയും ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കി 'പൈക' പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

ജീവനക്കാരുടെ 2013-ലെ സമരം

6052 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2013 ജനുവരി 8 മുതൽ നടന്ന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്കുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്യുകയും തുടർന്ന് തിരികെ എടുക്കാതിരിക്കുകയും ചെയ്തവരുടെ പേരിലുള്ള കുറ്റമെന്താണെന്ന് വിശദമാക്കുമോ ;

(ബി) എത്ര പേരെ സ്ഥലം മാറ്റി നിയമിച്ചു ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

## ഉത്തരാഖണ്ഡിലെ പ്രളയത്തിൽപെട്ട മലയാളികൾ

6053 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ ഉത്തരാഖണ്ഡിലെ പ്രളയബാധിത പ്രദേശത്ത് എത്തി എന്ന് വിശദമാക്കാമോ;

(ബി) തീർത്ഥാടകരുടെ പ്രശ്നങ്ങൾ ഉന്നയിച്ച്കൊണ്ട് ശിവഗിരി സന്യാസി സ്വാമി ഗുരുപ്രസാദ് മുഖ്യമന്ത്രിയെ കാണാൻ വന്നിരുന്നുവോ; എത്ര തവണ കാണാൻ വന്നിരുന്നു എന്നത് വ്യക്തമാക്കാമോ; ഇവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിന് മുഖ്യമന്ത്രി എത്ര സമയം അനുവദിച്ചു എന്നും സന്യാസിമാർ ആവശ്യപ്പെട്ട കാരൃത്തിന് എന്ത് നടപടികൾ ഉടനെ എടുത്തു എന്നും വ്യക്തമാക്കാമോ;

(സി) മുഖ്യമന്ത്രിയും സാംസ്കാരിക വകുപ്പ് മന്ത്രിയും ഒന്നും ചെയ്തില്ല എന്ന് സ്വാമി ഗുരുപ്രസാദിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ ഹെലികോപ്റ്ററുകൾ ഏർപ്പെടുത്തിയാൽ വാടക നൽകാം എന്ന് ശിവഗിരി സന്യാസിമാർ മുഖ്യമന്ത്രിയെ അറിയിച്ചിട്ടും നിഷ്ക്രിയരായി നിന്നത് എന്ത് കൊണ്ടാണ് എന്നത് വിശദമാക്കുമോ;

(ഇ) മുഖ്യമന്ത്രിയോ മറ്റ് മന്ത്രിമാർക്കോ പ്രളയബാധിത പ്രദേശത്ത് ചെന്ന് രക്ഷാ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകി മലയാളികളെ നാട്ടിലെത്തിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് എന്ത് തടസ്സമായിരുന്നു ഉണ്ടായിരുന്നത്; വ്യക്തമാക്കുമോ;

(എഫ്) തിർത്ഥാടന കേന്ദ്രങ്ങളിൽ ഏതെങ്കിലും മലയാളിയ്ക്ക് അത്യാഹിത സംഭവിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ; അവിടെപ്പെട്ട് പോയിട്ടുള്ള മലയാളി തിർത്ഥാടകരുടെ അവസ്ഥയെന്ത് എന്ന് വ്യക്തമാക്കാമോ; ഇവരെ നാട്ടിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>വികലാംഗരെ സ്ഥിരപ്പെടുത്തൽ</u>

6054 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വികലാംഗരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവിലുള്ളവരെ എന്ത് മാനദണ്ഡപ്രകാരമാണ് സ്ഥിരപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിന് മുമ്പ് എംപ്ലോയ്മെന്റ് വഴി സേവനത്തിൽ ഉണ്ടായിരുന്നവരും, എന്നാൽ വികലാംഗവർഷത്തിൽ സ്ഥിര നിയമനം ലഭിക്കാത്തവരുമായ വളരെ കുറച്ച് വികലാംഗർ കൂടി സ്ഥിരനിയമനം ലഭിക്കാതെ കഷ്ടതയനുഭവിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എണ്ണത്തിൽ വളരെ കുറച്ച് പേർ മാത്രമുള്ള, ഇവരെയും കൂടി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

ഐ. റ്റി. ബി. പി. യിലേക്കുള്ള റിക്രൂട്ട്മെന്റ്

6055 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. ബി. പി. യിൽ കേരളത്തിൽ നിന്നും നിലവിൽ എത്രയാളുകൾ ജോലി ചെയ്യുന്നു;

(ബി) ഐ. റ്റി. ബി. പി. യൂണിറ്റ്, നൂറനാട് ലെപ്രസി സാനട്ടോറിയം വക ഭൂമിയിലാരംഭിക്കുമ്പോൾ ഐ. റ്റി. ബി. പി. യിലേക്ക് നടക്കുന്ന റിക്രൂട്ട്മെന്റിൽ പ്രദേശവാസികളായ എത്ര ശതമാനം യുവാക്കൾക്ക് ജോലി ലഭിക്കും;

(സി) ഐ. റ്റി. ബി. പി. റിക്രൂട്ട്മെന്റിൽ പ്രദേശവാസികൾക്ക് നിലവിൽ പരിഗണന നൽകാറുണ്ടോ;

(ഡി) ഭാവിയിൽ പ്രദേശവാസികൾക്ക് റിക്രൂട്ട്മെന്റിൽ പരിഗണന നൽകുന്നതിന് നിയമമുണ്ടോ;

(ഇ) ഐ. റ്റി. ബി. പി. യൂണിറ്റിലേക്ക് മറ്റു ജോലികൾക്കായി പ്രദേശവാസികളെ എടുക്കാറുണ്ടോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>സ്ഥിരം, താൽക്കാലികം, കരാർ വിഭാഗങ്ങളിൽ ജീവനക്കാരുടെ നിയമനവും പിരിച്ചുവിടലും</u>

6056

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ വിവിധ സർക്കാർ വകുപ്പിലും പൊതുമേഖലാ സ്ഥാപനങ്ങളിലും എത്ര ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ടെന്ന വിവരം ഓരോ വകുപ്പ് / സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇതേ കാലയളവിൽ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചുവിടപ്പെട്ട താൽക്കാലിക വേതനക്കാർ, കരാർ ജീവനക്കാർ, സ്ഥിരം ജീവനക്കാർ എന്നിവരുടെ കണക്ക് സ്ഥാപനാടിസ്ഥാനത്തിൽ
ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, എൽ.ഡി. ക്ലർക്ക്</u>
<u>തസ്തികകളിലേക്കുള്ള യോഗ്യത</u>

6057 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, എൽ.ഡി. ക്ലർക്ക് തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷിക്കാനുള്ള യോഗ്യത എന്താണ്; അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയാണ്;

(ബി) പ്രസ്തുത തസ്തികകളിലേക്ക് യോഗ്യതകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതെപ്പോഴാണ്;

(സി) ഇതു സംബന്ധിച്ച് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഭേദഗതി വരുത്തുന്നതിനുള്ള തടസ്സമെന്താണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>വികലാംഗരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ നടപടി</u>

T6058 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ വകുപ്പ്തല പ്രമോഷനുവേണ്ടി ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ നിന്നും ആർക്കെങ്കിലും ഇളവു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ശാരീരിക അവശതയനുഭവിക്കുന്ന വികലാംഗരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>സർക്കാർ സർവ്വീസിൽ സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം</u>

6059 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ ഏറ്റവും അവസാനം പരിശോധന നടന്നതെന്നാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ വിശദീകരിക്കുമോ;

(സി) ഭരണഘടന ഉറപ്പു നൽകുന്ന തരത്തിലുളള ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

## സബ് സ്റ്റാന്റീവ് തസ്തികകൾ

6060

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ നിലവിൽ എത്ര സബ്സ്റ്റാന്റീവ് തസ്തികയുണ്ടെന്ന് വകുപ്പ്, കാറ്റഗറി, ഓഫീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഒരു ജീവനക്കാരൻ സബ് സ്റ്റാൻഡീവ് തസ്തികയിൽ നിയമിതനായി പ്രസ്തുത തസ്തികയിൽ തുടരുന്നുവെന്ന് സ്ഥിരീകരിക്കാനുള്ള മാനദണ്ഡമെന്തെന്ന് വിശദീകരിക്കാമോ;

(സി) 31-3-2013 ന് മുമ്പായി കേരള സർവ്വീസിൽ ഓരോ വകുപ്പിലും ഉള്ള സബ് സ്റ്റാൻഡീവ് തസ്തികയുടെ എണ്ണം ലഭ്യമാക്കുമോ;

(ഡി) 1-4-2013 ന് ശേഷം നിയമനം ലഭിച്ച എത്ര പേർ പഴയ പെൻഷൻ സ്കീമിൽ തുടരാൻ ഓപ്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

**<u>സ്വാതന്ത്ര്യസമര സേനാനികൾക്കും, ആശ്രിതർക്കും കൂടുതൽ ക്ഷേമ പദ്ധതികൾ</u>**

6061 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വാങ്ങുന്ന എല്ലാ പേർക്കും കേന്ദ്ര പെൻഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്വാതന്ത്ര്യസമര സേനാനികൾക്കു വേണ്ടി ക്ഷേമനിധി ബോർഡ്, ഭവന നിർമ്മാണ വായ്പ, ഭൂമി ഇല്ലാത്ത വർക്ക് ഭൂമി എന്നിവ ഏർപ്പെടുത്തുമോ;

(സി) സ്വാതന്ത്ര്യസമര സേനാനികളുടെ പിൻതലമുറ യിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ എൻട്രൻസ്, പി.എ സ്.സി നിയമനങ്ങൾ എന്നിവയിൽ പ്രത്യേക സംവ രണം ഏർപ്പെടുത്തുമോ;

(ഡി) സ്വാതന്ത്ര്യസമര സേനാനികൾക്കു വേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് പരിഗണനയിലുള്ളത്?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>ആശ്രിത നിയമനത്തിനുള്ള മാനദണ്ഡം</u>

6062 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും</u>
<u>പുറത്താക്കപ്പെട്ടവരുടെ വിശദവിവരം</u>

6063 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ മുഖ്യമന്ത്രിയുടെ ഓഫീസിൽ ജോലി ചെയ്തിരുന്നവരോ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ടിരുന്നവരോ ആയ എത്ര പേരെ പുറത്താക്കുകയോ മാറ്റി നിർത്തുകയോ സ്റ്റാഫിൽ നിന്ന് ഒഴിവാക്കുകയോ സസ്പെൻഷൻ ചെയ്യുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെന്നും എത്ര പേർ രാജിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ഇവർ ആരെല്ലാമെന്നും എന്ത് കാരണത്താലാണ് നടപടിയെന്നും നടപടി പ്രാബല്യത്തിൽ വന്ന തീയതി ഏതാണെന്നും പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ കാൾസെന്റർ ജീവനക്കാർ</u>

6064 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ കാൾ സെന്ററിൽ എത്ര ജീവനക്കാരാണുള്ളത്; ഇവരുടെ നിയമനം എപ്രകാരമാണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന്റെ വിവരം</u>

6065

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിലവിലുള്ള ചട്ടം അനുസരിച്ച് എത്ര പേരെ നിയമിക്കാം;

(ബി) മുഖ്യമന്ത്രി മൊത്തം എത്ര പേരെ നേരിട്ടും ഡെപ്യൂട്ടേഷനിലുമായി നിയമിച്ചിട്ടുണ്ട്;

(സി) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിക്കപ്പെട്ടവർ എത്ര; പേഴ്സണൽ സ്റ്റാഫിന് പുറമേ മറ്റേതെല്ലാം സംവിധാനത്തിൽ മുഖ്യമന്ത്രി നേരിട്ട് നിയമനം നടത്തിയിട്ടുണ്ട്; അവർ എത്ര; ആരൊക്കെ; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ എത്ര;

(ഡി) മുഖ്യമന്ത്രിയുടെ ആഫീസിലും, ആഫീസിന്റെ ഭാഗമായുള്ള സംവിധാനത്തിലും വർക്കിംഗ് അറേഞ്ച്മെന്റായി പ്രവൃത്തിക്കുന്നവർ ഉണ്ടോ; എങ്കിൽ ആരൊക്കെ; ഏതെല്ലാം വകുപ്പിൻ നിന്നുളളവരാണ്;

(ഇ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ മുഖ്യമന്ത്രി നിയമിച്ചതും, ടൂറിസം വകുപ്പ് ദിവസക്കൂലി അടിസ്ഥാനത്തിലും അല്ലാതെയും നിയമിച്ചതും എത്ര പേരെയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പേഴ്സണല്‍ സ്റ്റാഫ്</u>

6066 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ഓഫീസില്‍ നിന്ന് എത്ര പേരെ പുറത്താക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പുറത്താക്കപ്പെട്ട ഓരോ ആളിന്റെ പേരും തസ്തികയും വെളിപ്പെടുത്താമോ;

(സി) എന്തു കാരണത്താലാണ് ഓരോ ആളെയും പുറത്താക്കിയതെന്ന് വിശദമാക്കാമോ;

(ഡി) ഇതില്‍ ആര്‍ക്കൊക്കെ എതിരായി കേസുകള്‍ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും പുറത്താക്കപ്പെട്ട ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ</u>

6067 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിൽ 2013 ജൂൺ 10 വരെ എത്ര സ്റ്റാഫ് ഉണ്ടായിരുന്നു; അതിൽ സർക്കാർ ജീവനക്കാർ എത്ര; അല്ലാത്തവർ എത്ര;

(ബി) 2013 ജൂൺ 10ന് ശേഷം ജൂൺ 30ന് അകം എത്ര സ്റ്റാഫിനെ പുറത്താക്കി; അവർ ആരെല്ലാം;

(സി) എന്തൊക്കെ കാരണങ്ങളിലാണ് പ്രസ്തുത സ്റ്റാഫിനെ പുറത്താക്കിയത്; പുറത്താക്കിയതിനുശേഷം ഇവരുടെ പേരിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഇവർ ഓരോരുത്തരും വഴിവിട്ട മാർഗ്ഗങ്ങളിലൂടെ ധന സമ്പാദനം നടത്തി വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇവർ ഓരോരുത്തർക്കും മുഖ്യമന്ത്രിയുടെ കീഴിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള സ്വത്ത്, കെട്ടിടം ഉൾപ്പെടെയുള്ള സമ്പാദ്യം എത്ര; നിലവിലെ സമ്പാദ്യം എത്ര; വിശദമാക്കുമോ;

(എഫ്) ഇതിനകം മുഖ്യമന്ത്രിയുടെ കോൾ സെന്ററിൽ നിന്നും എത്ര ജീവനക്കാരെ പുറത്താക്കി; പുറത്താക്കാനുള്ള കാരണമെന്തെന്നും പുറത്താക്കിയതിനുശേഷം ഇവർക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>പബ്ലിക്ക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടറെ സംബന്ധിക്കുന്ന ഫയലിലെ നടപടികൾ</u>

6068 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാറിന്റെ പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ അഡീഷണൽ ഡയറക്ടറായിരുന്ന ഫിറോസ് ക്രിമിനൽ കേസ്സിൽ പ്രതിയാണെന്ന് കാണിച്ച് ഡി.ജി.പി റിപ്പോർട്ട് ചെയ്തിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ 25531/എസ്.പി./ഇ1/2011/ജി.എ.ഡി ഫയലിൽ തുടർനടപടി സ്വീകരിക്കാതെ വീണ്ടും ഡി.ജി.പി യോട് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് മേൽ ഫയലിൽ കുറിപ്പ് എഴുതിയത് ഏത് ഉദ്യോഗസ്ഥനാണെന്നും അദ്ദേഹത്തിന്റെ പേരും തസ്തികയും ഏതാണെന്നും വിശദമാക്കുമോ; കുറിപ്പ് ഉൾപ്പെടുന്ന ഫയലിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഫയൽ മടക്കിയതുകൊണ്ടാണ് ഫിറോസിന് എതിരെ അന്ന് നടപടി എടുക്കാൻ സാധിക്കാതെ വന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഡി.ജി.പി യോട് വീണ്ടും വിശദീകരണം തേടിയുള്ള കുറിപ്പാണ് ഫിറോസിന് വീണ്ടും സ്ഥാനകയറ്റം നൽകാനുണ്ടായ സാഹചര്യം ഒരുക്കിയതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) പ്രസ്തുത വിഷയത്തിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എഫ്) മേൽ ഫയലിൽ കുറിപ്പെഴുതി ഫയൽ മടക്കാനുണ്ടായ സാഹചര്യം സൃഷ്ടിച്ച ഉദ്യോഗസ്ഥനെതിരെ നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ജി) ഇല്ലെങ്കിൽ നടപടി എടുക്കാൻ കഴിയാതെ ഫയൽ മടക്കുന്നതിനുള്ള കുറിപ്പെഴുതിയ ഈ ഉദ്യോഗസ്ഥനെ മാത്രം ഈ വിഷയത്തിൽ നടപടി എടുക്കാതെ മാറ്റി നിർത്തിയതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>കസ്തൂർബാ മെഡിക്കൽ കോളേജിലെ അതിക്രമത്തിനിരയായ മലയാളി വിദ്യാർത്ഥിനിയ്ക്കുള്ള സഹായം</u>

6069 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിലെ മലയാളി എം.ബി.ബി.എസ് വിദ്യാർത്ഥിനിയ്ക്കു നേരെയുണ്ടായ അതിക്രമ കേസ്സിലെ പ്രതികളെ പിടികൂടാൻ കർണ്ണാടക സർക്കാരിനോട് കേരള സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പെൺകുട്ടിയ്ക്ക് വേണ്ടുന്ന വിദഗ്ദ ചികിത്സ ലഭ്യമാക്കാൻ കേരള സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) സംസ്ഥാന ആരോഗ്യ മന്ത്രി പെൺകുട്ടിയെ സന്ദർശിച്ച് വേണ്ടുന്ന ആധുനിക ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) പെൺകുട്ടിയ്ക്ക് വേണ്ടുന്ന ആധുനിക ചികിത്സയ്ക്കും മരുന്നിനും സഹായം നല്കുന്നതോടൊപ്പം മറ്റ് എന്തെല്ലാം സഹായംകൂടി സർക്കാർ ലഭ്യമാക്കും എന്നു വ്യക്തമാക്കുമോ;

(ഇ) പ്രതികളെ ഉടൻ പിടികൂടാൻ മുഖ്യമന്ത്രി കർണ്ണാടക മുഖ്യ മന്ത്രിയോട് നേരിൽകണ്ട് ആവശ്യമുന്നയിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസ്</u>

6070 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസ് അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടുകളെ തുടർന്നും, സംഭവവുമായി ബന്ധപ്പെട്ടും മുഖ്യമന്ത്രിയുടെ പെഴ്സണൽ സ്റ്റാഫിൽ നിന്നും എത്ര പേർ ഒഴിവാക്കപ്പെട്ടു; അവർ ആരൊക്കെ;

(ബി) മുഖ്യമന്ത്രിയുടെ സ്റ്റാഫ് അംഗത്തിൽ, സോളാർ തട്ടിപ്പ് കേസിലെ പ്രതികളായ സരിത എസ്. നായർ, ബിജു രാധാകൃഷ്ണൻ എന്നിവരെ മൊബൈൽ ഫോണിലോ, ലാന്റ് ഫോണിലോ വിളിച്ച് സംസാരിച്ചവർ ആരൊക്കെയാണ് എന്ന് അറിയിക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ഓഫീസും സംവിധാനവും മുഖ്യമന്ത്രിയുടെ ഔദ്യോഗികമോ, സ്വകാര്യമോ ആയ ആവശ്യങ്ങൾക്കല്ലാതെ ആരെങ്കിലും വിനിയോഗിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുഖ്യമന്ത്രി നാളിതുവരെ സരിത എസ്. നായരും, ബിജു രാധാകൃഷ്ണനുമായി ഏതെല്ലാം ഫോണുകളിൽ എത്ര തവണ സംസാരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>ആപ്പിൾ ട്രീ ചിട്ടി തട്ടിപ്പുമായി ബന്ധപ്പെട്ട പരാതി</u>

6071 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയത്തെ ആപ്പിൾ ട്രീ ചിട്ടി തട്ടിപ്പുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് ആദ്യമായി പരാതി ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആരാണ് ഈ പരാതി നൽകിയത്: ഇതിൽ സ്വീകരിച്ച തുടർനടപടികളെന്തെല്ലാം; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**9.07.2013-ലെ മറുപടിക്ക്**

<u>വിദേശസഹായം ലഭ്യമായ കാസർഗോഡ് ജില്ലയിലെ സർക്കാരിതര സംഘടനകൾ</u>

6072 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാരിതര സംഘടനകളിൽ ഏതെല്ലാമാണ് കാസർഗോഡ് ജില്ലയിൽ വിദേശ സഹായം ലഭിച്ചിട്ടുള്ള വയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>അടിസ്ഥാന സേവന മേഖലയിൽ സ്വകാര്യവത്ക്കരണം</u>

6073 ശ്രീ.എം.ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാന സേവനങ്ങൾ സ്വകാര്യ വത്ക്കരിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗതാഗതം, കുടിവെള്ളം, മറ്റ് സർക്കാർ സേവനങ്ങൾ എന്നിവയിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം എത്ര ശതമാനമാണെന്ന് വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(സി) സർക്കാർ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നതിലൂടെ സേവന മേഖല കൂടുതൽ സ്വകാര്യവത്ക്കരിക്കപ്പെടുന്നു എന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

ശ്രീരാമ വിലാസം ചവളര്‍ സൊസൈറ്റി സമര്‍പ്പിച്ച അവകാശ പത്രിക

T6074

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സര്‍വ്വീസില്‍ ഒരു ശതമാനം സംവരണം അടക്കമുള്ള 25 ആവശ്യങ്ങള്‍ ഉന്നയിച്ചുകൊണ്ട് ശ്രീരാമ വിലാസം ചവളര്‍ സൊസൈറ്റി ബഹു: മുഖ്യമന്ത്രിയ്ക്ക് സമര്‍പ്പിച്ച അവകാശപത്രിക ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അവകാശപത്രികയുടെ അടിസ്ഥാനത്തില്‍ എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>കൊടുവള്ളി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം</u>

6075 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള സ്റ്റേഡിയം വിപുലീകരിക്കുന്നതിന് ഏതെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) അഖിലേന്ത്യാ താരങ്ങൾ പങ്കെടുക്കുന്ന മത്സരങ്ങൾ നടക്കുന്ന ഈ സ്റ്റേഡിയം നവീകരിക്കുവാൻ പദ്ധതി ആവിഷ്കരിച്ച് ഫണ്ട് അനുവദിക്കുമോ ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>'പ്ലേ എ ഗെയിം' പദ്ധതി</u>

6076 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'പ്ലേ എ ഗെയിം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഏതെല്ലാം തലങ്ങളിലാണ് ഒരുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>നല്ല സിനിമയെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>

6077 ശ്രീ. പാലോട് രവി
'' ലൂഡി ലൂയിസ്
'' പി. സി. വിഷ്ണുനാഥ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നല്ല സിനിമ നിർമ്മിക്കുന്നവരെയും പുതിയ തലമുറയിലെ സിനിമ സംരംഭകരേയും പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവരുടെ ചിത്രങ്ങൾ തീയറ്ററുകളിൽ പ്രദർശിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം</u>
<u>മജിസ്ട്രേറ്റ് കോടതികൾ</u>

6078 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്ത് ആരംഭിക്കുന്ന മജിസ്ട്രേറ്റ് കോടതികൾ ഏതൊക്കെ സ്ഥലങ്ങളിൽ എന്നത്തേയ്ക്ക് പ്രവർത്തനം തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നത്</u>

6079 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടായത് എന്നാണ്?

# കേരള നിയമസഭ
# 9.07.2013–ലെ മറുപടിക്ക്

<u>കോടതികളുടെ അധുനികവത്ക്കരണം</u>

6080 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടതികളുടെ ആധുനികവത്ക്കരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മഞ്ചേരി കോടതി സമുച്ചയത്തിന് പുതിയ കെട്ടിട നിർമ്മാണം നടത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) മഞ്ചേരി കോടതി സമുച്ചയത്തിൽ സ്ഥലപരിമിതി മൂലം അനുഭവപ്പെട്ടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കെട്ടിടനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ അനാസ്ഥ</u>

6081 ശ്രീ. ജി. സുധാകരൻ
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയിലെ അഭിഭാഷകർ യഥാസമയം കേസ്ഫയൽ ഹാജരാക്കാത്തതിനാൽ ജഡ്ജി, സിറ്റിംഗ് നിർത്തിപ്പോയതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലിനെ കോടതി ചേമ്പറിൽ വിളിച്ച് അതൃപ്തി രേഖപ്പെടുത്തുകയുണ്ടായോ;

(സി) ഇത് സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ പ്രത്യേക കോടതി</u>

T6082 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങളുടെ കേസുകൾക്കായി എവിടെയെല്ലാമാണ് പ്രത്യേക കോടതികൾ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോടതികളിൽ എത്ര കേസുകൾ തീർപ്പാക്കിയെന്നും എത്ര കേസുകൾ തീർപ്പാക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ</u>

T6083 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി വിധി ഉണ്ടോ;

(ബി) തീർപ്പാക്കാനുള്ള കേസുകളുടെ എണ്ണവും മറ്റും പരിഗണിച്ച് ഇവിടെ ട്രിബ്യൂണൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

## പ്ലാച്ചിമട ട്രൈബ്യൂണലിന് അംഗീകാരം

6084 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട ട്രൈബ്യൂണൽ, കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനും സമർപ്പിച്ചിട്ട് നാളുകളേറെയായിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രൈബ്യൂണലിന് അംഗീകാരം ലഭിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ഡി) നിലവിൽ ട്രൈബ്യൂണലിന് അംഗീകാരം ലഭിക്കാത്തതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>സംസ്ഥാന ഇന്നവേഷൻ കൗൺസിൽ</u>

6085 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നടപടികളുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 9.07.2013–ലെ മറുപടിക്ക്

<u>ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ വിവിധ പദ്ധതികൾ</u>

6086 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിന് വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണ്;

(ബി) ഈ തുകയിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ – എയ്ഡഡ് സ്കൂളുകൾക്കോ കോളേജുകൾക്കോ ഏതെങ്കിലും പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>കോഴിക്കോട്ടെ 'നാറ്റ്പാക്' റീജിയണൽ സെന്റർ</u>

T6087 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പ്രവർത്തിക്കുന്ന 'നാറ്റ്പാക്' റീജിയണൽ സെന്ററിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ ഓഫീസിലെ പല തസ്തികകളും ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് നാറ്റ്പാക്ക് റീജ്യണൽ സെന്ററിന്റെ പ്രവർത്തനം</u>

T6088 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ''നാറ്റ്പാക്ക്'' റീജിയണൽ സെന്ററിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) നിലവിൽ റീജിയണൽ സെന്റർ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

ഇല്ക്ട്രോണിക് മാലിന്യങ്ങൾ

T6089 ശ്രീ. എം.എ. ബേബി
,, എ. പ്രദീപ് കുമാർ
,, സാജു പോൾ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെടുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ (ഇ-വേസ്റ്റ്) ഉയർത്തുന്ന വെല്ലുവിളികൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) പരിസ്ഥിതിക്കും ജനങ്ങളുടെ ആരോഗ്യത്തിനും ഹാനികരമായ ഇലക്ട്രോണിക് മാലിന്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(സി) ഇ-വേസ്റ്റ് സംഭരണവും സംസ്കരണവും റീ-സൈക്കിളിംഗും സംബന്ധിച്ച നിലപാടും നടപടികളും വിശദമാക്കാമോ ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>പാരിസ്ഥിതിക സംവേദ മേഖല സംബന്ധിച്ച മാനദണ്ഡങ്ങൾ</u>

6090 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക സംവേദ മേഖലയുടെ ദൂരപരിധിയെ സംബന്ധിച്ച സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മേഖലയിൽ നിരോധിക്കേണ്ടതും നിയന്ത്രിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമായ വിഷയങ്ങളെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അത് ജനജീവിതത്തെ ബാധിക്കുമോ എന്ന കാര്യത്തിൽ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

**സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോൻമുഖമായ പരിശീലന പരിപാടി**

6091 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോൻമുഖമായ പരിശീലന പരിപാടിക്ക് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>പ്രീ-സര്‍വ്വീസ് പരിശീലനം, ഇന്‍ സര്‍വ്വീസായി പരിഗണിക്കുന്നതിന് നടപടി</u>

6092 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏതെല്ലാം തസ്തികകളിലാണ് പ്രീ-സര്‍വ്വീസ് പരിശീലനം, ഇന്‍ സര്‍വ്വീസായി പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തസ്തികകളിലെ പ്രീ-സര്‍വ്വീസ് പരിശീലനമാണ് ഇന്‍ സര്‍വ്വീസായി പരിഗണിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) പ്രീ-സര്‍വ്വീസ് പരിശീലനം ഇന്‍ സര്‍വ്വീസായി പരിഗണിക്കാത്ത തസ്തികകളിലെ പ്രീ-സര്‍വ്വീസ് പരിശീലനം, ഇന്‍ സര്‍വ്വീസായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ കോൺടാക്ട് റൂൾസ് പരിഷ്കരണം</u>

6093 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കോൺടാക്ട് റൂൾസ് പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) റൂൾസ് പരിഷ്കരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്നാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജീവനക്കാർ ജാതിമത സംഘടനകളിൽ പ്രവർത്തിക്കുന്നത് നിലവിൽ വിലക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് വിലക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) റൂൾസ് പരിഷ്കരണത്തിന് മുമ്പ് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. അപേക്ഷകരുടെ പ്രായപരിധി</u>

6094 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എസ്.സി. അപേക്ഷകരുടെ പ്രായ പരിധി വര്‍ദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ അപേക്ഷകരുടെ പരമാവധി പ്രായം എത്രയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പങ്കാളിത്ത പെന്‍ഷന്‍ നടപ്പാക്കുകയും പങ്കാളിത്ത പെന്‍ഷന്‍ പരിധിയില്‍ വരുന്ന ജീവനക്കാരുടെ റിട്ടയര്‍മെന്റ് പ്രായം 60 വയസ്സാക്കുകയും ചെയ്ത സാഹചര്യത്തില്‍ പി.എസ്.സി. അപേക്ഷകരുടെ പരമാവധി പ്രായം 40 ആയി ഉയര്‍ത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>ലോവർ ഡിവിഷൻ ക്ലർക്ക് വിജ്ഞാപനം</u>

6095 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലേയ്ക്കുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പി.എസ്.സി. വിജ്ഞാപനം നാളിതുവരെ പുറപ്പെടുവിക്കാത്തത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ആയതുപോലെ സംസ്ഥാനത്തെ ഏതെല്ലാം തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനങ്ങളാണ് നാളിതുവരെ പുറപ്പെടുവിക്കാതെ പി.എസ്.സി. തടഞ്ഞുവച്ചിട്ടുള്ളത് എന്നും ആയതിനുള്ള കാരണവും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പരീക്ഷാ വിജ്ഞാപനങ്ങൾ തടഞ്ഞുവെച്ചിട്ടുള്ളതുമൂലം പി.എസ്.സി. നേരത്തേ പ്രഖ്യാപിച്ച തീയതികളിൽ പരീക്ഷ നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നത് ഒഴിവാക്കാനും പ്രഖ്യാപിച്ച തീയതികളിൽ തന്നെ പരീക്ഷ നടത്താനും പി.എസ്.സി.യും സർക്കാരും എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ പ്രഖ്യാപിച്ച പരീക്ഷാ തീയതികളും തസ്തികകളും വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ എൽ.ഡി.സി. തസ്തികയ്ക്ക് അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. ആയിരുന്നത് ഹയർ സെക്കന്ററി ആക്കുകയും തുടർ നടപടികൾ യഥാസമയം സ്വീകരിക്കാതിരിക്കുകയും ആയതുമൂലം ഉദ്യോഗാർത്ഥികൾക്ക് യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതും, പരീക്ഷ യഥാസമയം നടക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് സംസ്ഥാനത്തുണ്ടാകുന്ന ഒഴിവുകളിൽ നിയമനം തടയുന്ന സ്ഥിതിയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

(എഫ്) സംസ്ഥാനത്തെ ഒഴിവുകളിൽ യഥാസമയം നിയമനം ലഭ്യമാക്കാൻ ഒഴിവുകൾക്കുള്ള പി.എസ്.സി. വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ജി) പി.എസ്.സി. പുറപ്പെടുവിച്ച നിലവിലെ ലിസ്റ്റുകളിൽ അൻപതു ശതമാനത്തിൽ കുറച്ച് മാത്രം നിയമനം നൽകിയിട്ടുള്ള തസ്തിക തിരിച്ചുള്ള ലിസ്റ്റുകൾ ഏതെല്ലാം, അവയുടെ കാലാവധി എന്നുവരെ എന്നത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 9.07.2013–ലെ മറുപടിക്ക്

<u>പി.എസ്.സി. ജീവനക്കാരുടെ നിയമനം</u>

6096 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പി.എസ്.സി.യുടെ കാര്യക്ഷമതയ്ക്കും നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായി എത്ര ജീവനക്കാരെ അധികായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് പി.എസ്.സി.യുടെ കത്ത് ലഭിച്ചിരുന്നോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 9.07.2013–ലെ മറുപടിക്ക്

<u>പി. എസ്. സിക്ക് നിയമനാധികാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ</u>

6097 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതൊക്കെ സ്ഥാപനങ്ങളുടെ നിയമനാധികാരമാണ് പി. എസ്. സിക്ക് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ എണ്ണം എത്ര എന്ന് വകുപ്പുതിരിച്ചു വ്യക്തമാക്കാമോ ;

(സി) ഇതിൽ ഓരോ വിഭാഗത്തിലും സംവരണം ചെയ്തിട്ടുള്ളവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ</u>

6098 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും ഓരോ വകുപ്പിലും വന്നിട്ടുള്ള നിയമനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്യാൻ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥിരം തസ്തികകളിൽ ദിവസ വേതനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>കേരള പി.എസ്.സി. യിൽ റിസപ്ഷൻ ഓഫീസർ തസ്തിക</u>

6099 ശ്രീ. റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. യിൽ ഓഫീസ് സൂപ്രണ്ട്മാരുടെ പ്രൊമോഷൻ തസ്തികയായി റിസപ്ഷൻ ഓഫീസർമാരുടെ രണ്ട് തസ്തിക പേകമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം ഉത്തരവായിട്ടും ഈ പ്രൊമോഷൻ തസ്തികയിൽ യാതൊരു സാമ്പത്തിക ആനുകൂല്യവും നൽകാതെ ഓഫീസ് സൂപ്രണ്ടിന്റെ ശമ്പളം തന്നെ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിൽ പ്രത്യേക സ്കെയിൽ അനുവദിക്കുകയോ മൂന്നോ നാലോ ഇൻക്രിമെന്റ് നൽകുകയോ ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കേരള പി.എസ്.സി. യ്ക്ക് സംസ്ഥാനത്തൊട്ടാകെ രണ്ട് റിസപ്ഷൻ ഓഫീസർ തസ്തിക നൽകുന്നതിന് ഉത്തരവായിട്ടുളളത് പരിഗണിച്ചും മറ്റ് സാമ്പത്തിക ബാദ്ധ്യതകൾ ഒന്നും തന്നെ വരാത്തുമായ ഈ തസ്തികയിൽ പ്രത്യേക സ്കെയിലോ, മൂന്നോ നാലോ ഇൻക്രിമെന്റോ നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഡി) കേരളാ പി.എസ്.സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ പുതിയ തസ്തികകളും ഭൗതിക സൗകര്യങ്ങളും നൽകുന്നതിന് സത്വര നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>സെന്റർ ഫോർ റെസ്പിറേറ്ററി അലർജി ആന്റ് ആന്റിജൻ മാനിഫാക്ച്ചറിലെ സയന്റിഫിക്ക് അസിസിറ്റന്റ് തസ്കയിലേക്കുള്ള നിയമനം</u>

6100 ശ്രീ.ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സെന്റർ ഫോർ റെസ്പിറേറ്ററി അലർജി ആന്റ് ആന്റിജൻ മാനിഫാക്ച്ചറിലെ സയന്റിഫിക്ക് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എത്ര പേരുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത തസ്തികയിലേക്ക് എത്ര വേക്കൻസിയാണ് സെന്റർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) സെന്റർ റിപ്പോർട്ട് ചെയ്ത എല്ലാ വേക്കൻസികളിലേക്കും ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സിന് ഗ്രൂപ്പ് സി കാറ്റഗറിയിലേക്കുള്ള പ്രൊമോഷൻ

6101 ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഗ്രൂപ്പ് സി കാറ്റഗറിയിലേക്കുള്ള പ്രൊമോഷന് ഇപ്പോൾ നിലവിൽ എത്ര ശതമാനമാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള യു. പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) റാങ്ക് ലിസ്റ്റ്</u>

6102 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള യു. പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജാതി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയിൽ എത്ര എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേക്ക് എന്നത്തേക്ക് എൻ.ജെ.ഡി. ഒഴിവുകൾ നികത്താൻ കഴിയും എന്നറിയിക്കാമോ?

## കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലാ പി.എസ്.സി. മുഖേന നിയമനം നൽകിയ തസ്തികകൾ</u>

6103 ശ്രീ. ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ പി.എസ്.സി.മുഖേന ഏതൊക്കെ തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പി.എസ്.സി.യിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമനം വൈകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്ത ഒഴിവുകൾ</u>

6104 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലയളവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകളിലെ എൽ.ഡി.സി, എൽ.ജി.എസ്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജില്ലയിലെ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>സയൻസ് & ടെക്നോളജി വകുപ്പിന് കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി</u>

6105 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സയൻസ് & ടെക്നോളജി വകുപ്പിന് കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോഗ്രാമുമായി സഹകരിക്കുന്നത്;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നും ഗുരുതരമായ രോഗങ്ങള്‍ക്ക് ഒന്നിലധികം തവണ ചികില്‍സാ സഹായം

6106

ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നും ഗുരുതരമായ രോഗങ്ങള്‍ക്ക് ചികില്‍സാ സഹായം ഒന്നിലധികം തവണ അനുവദിക്കാറുണ്ടോ; എങ്കില്‍ അപ്രകാരം ഗുരുതരമായ രോഗങ്ങളുടെ ചികില്‍സയ്ക്ക് വീണ്ടും ധനസഹായം ലഭിക്കേണ്ടവര്‍ അപേക്ഷ നല്‍കേണ്ട നടപടിക്രമങ്ങള്‍ വിശദമാക്കുമോ;

(ബി) ഏതെല്ലാം രോഗങ്ങള്‍ ബാധിച്ചവര്‍ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നും ഒന്നിലേറെ തവണ ചികില്‍സാ സഹായം ലഭിക്കാന്‍ അര്‍ഹതയുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

6107 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂലായ് മാസം 1-ാം തിയതി മുതൽ 2013 മെയ് മാസം 31-ാം തീയതി വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര രൂപ സംഭാവനയായി ലഭിച്ചു;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഏറ്റവും കൂടുതൽ തുക സംഭാവനയായി നൽകിയ വ്യക്തിയുടേയോ, സ്ഥാപനത്തിന്റേയോ വിശദാംശം വെളിപ്പെടുത്താമോ;

(സി) 2011 ജൂലായ് മാസം 1-ാം തീയതി മുതൽ 2013 മെയ് മാസം 31-ാം തീയതി വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എത്ര പേർക്ക് ഒരു ലക്ഷം രൂപയോ അതിൽ കൂടുതലോ ധനസഹായം അനുവദിച്ചു; വിശദാംശം വിലാസം ഉൾപ്പെടെ ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ് 2013 മെയ് മാസം 31വരെ എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

6108 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സയ്ക്കായി സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; ഗുരുതരമായ പല രോഗങ്ങൾക്കും ഏറ്റവും കുറഞ്ഞ തുകയാണ് പലപ്പോഴും അനുവദിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പോരായ്മകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റിൽ ഉത്തരവുകൾ ഇറക്കുമ്പോഴും, അപേക്ഷയിലെ അവ്യക്തതകൾ മൂലവും ചികിത്സാ സഹായം അനുവദിച്ച് ഉത്തരവുകൾ ഉണ്ടാകുമ്പോൾ തെറ്റുകളും പിശകുകളും സംഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം തെറ്റുകൾ തിരുത്തി അർഹരായവർക്ക് തുക വിതരണം ചെയ്യാൻ തഹസിൽദാരുടെ ചുമതലയിൽ ഒരു സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച വണ്ടിചെക്കുകൾ</u>

6109 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി ലഭിച്ച ചെക്കുകളിൽ ബാങ്കിൽ പണമില്ലാതെ മടങ്ങിയിട്ടുള്ള ചെക്കുകൾ നൽകിയ സ്ഥാപനം/വ്യക്തി, തീയതി, തുക എന്നിവസഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 9.07.2013-ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതി</u>

6110 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തിയിൽ പുതിയ ഇക്കോ ടൂറിസം പദ്ധതി ആവിഷ്ക്കരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശം അറിയിക്കുമോ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>വനസംരക്ഷണം</u>

6111 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനം വർദ്ധിപ്പിക്കുന്നതിൽ വനനശീകരണത്തിന്റെ പങ്കിനെ സംബന്ധിച്ച് ഈ സർക്കാരധികാരമേറ്റ ശേഷം വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് ഉണ്ടായ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് വനനശീകരണം കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സ്വാഭാവിക വനങ്ങളെ സംരക്ഷിക്കാനും വനവത്കരണം നടപ്പിലാക്കാനും എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 9.07.2013-ലെ മറുപടിക്ക്

<u>വനം വകുപ്പിൽ സുരക്ഷാ ജോലികൾക്കായി ആദിവാസികളുടെ നിയമനം</u>

6112 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ വിവിധ സുരക്ഷാജോലികൾക്കായി ആദിവാസി സമുദായത്തിൽപ്പെട്ട എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇവരുടെ ശമ്പളം എത്രയാണ്; ആയത് എല്ലാ മാസവും എപ്പോഴാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(സി) ഇവരുടെ ശമ്പളത്തിൽ കുടിശ്ശിക നൽകുവാനുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ശമ്പള കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക വരാനുള്ള കാരണം വിശദീകരിക്കുമോ;

(ഇ) എല്ലാ വിഭാഗം താൽക്കാലിക ജീവനക്കാർക്കും മറ്റ് സ്ഥിരം ജീവനക്കാരെപ്പോലെ മാസാരംഭം നിശ്ചിത തീയതിക്കുളളിൽതന്നെ ശമ്പളം കൊടുക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

<u>വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശം</u>

6113 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതും വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്കേറ്റവരെ സംബന്ധിച്ചും ഏറനാട് മണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തുകയും ധനസഹായവും ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; വ്യക്തമാക്കുമോ;

(ബി) ഇത്തരം അപേക്ഷകളിൽ എത്രയെണ്ണത്തിൽ നഷ്ടപരിഹാരം/ധനസഹായം വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇനിയും നഷ്ടപരിഹാരത്തുക/ധനസഹായം വിതരണം ചെയ്യാത്ത അപേക്ഷകളിൻമേൽ ആയത് അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 9.07.2013–ലെ മറുപടിക്ക്

പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

6114 ശ്രീ. ബെന്നി ബെഹനാൻ
'' വി. പി. സജീന്ദ്രൻ
'' പി. സി. വിഷ്ണുനാഥ്
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെ; വിശദീകരിക്കുമോ;

(സി) വനസംരക്ഷണ പ്രവൃത്തികൾക്ക് ഇവ എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

**കേരള നിയമസഭ**
**9.07.2013-ലെ മറുപടിക്ക്**

<u>കുറ്റിയംവയൽ റോഡിന്റെ പുനരുദ്ധാരണം</u>

6115 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന് കീഴിലുള്ള കുറ്റിയംവയൽ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനായുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**9.07.2013-ലെ മറുപടിക്ക്**

<u>മാധവമേനോൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് ആദിവാസികൾക്ക് വനഭൂമി</u>

T6116 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധവമേനോൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് 19000 ഏക്കറി ലധികം വനഭൂമി ആദിവാസികൾക്ക് വിട്ട് നൽകണമെന്ന കേന്ദ്രസർക്കാർ നിർദ്ദേശം നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) നെല്ലിയാമ്പതിയിൽ ആയതനുസരിച്ച് ആദിവാസികൾക്ക് ഭൂമി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ വിവരിക്കുമോ ?